**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം – ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - പൊന്നാനി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജി. മുരളിയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.)** വകുപ്പ്

**സ.ഉ.(സാധാ)/1894/2017/ത.സ്വ.ഭ.വ**

തിരുവനന്തപുരം, തീയതി, 07/06/2017

---

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 01.10.2014 തീയതിയിലെ സി.ടി.പി. വിജി 827/14 നമ്പർ കത്ത്.

2. പൊന്നാനി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ജി. മുരളിയ്ക്ക്നൽകിയ 25.05.2015 തീയതിയിലെ തസ്വഭവ-ഇ.യു.1/174/2015- തസ്വഭവ നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. ജി. മുരളി സമർപ്പിച്ച 18.08.2015 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 27.06.2016 തീയതിയിലെ വി2-14387/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പൊന്നാനി നഗരസഭയിൽ നടത്തിയ പരിശോധനയിൽ, ടി നഗരസഭാ പരിധിയിൽ ബി.ഇ. 169/13-14 നമ്പർ പ്രകാരം ശ്രീ. മൊഹമ്മദ് കാസിം, വി.കെ. അഷ്റഫ്, സി.വി. അഷറഫ് എന്നിവർക്ക് ചട്ടം ലംഘിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായി കണ്ടെത്തുകയുണ്ടായി . ആയതിന് ടി നഗരസഭാ സെക്രട്ടറി ശ്രീ. ജി. മുരളിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുമുണ്ടായി.

2. കുറ്റപത്രത്തിന് ശ്രീ. ജി. മുരളി സമർപ്പിച്ച പരാമർശം മൂന്നിലെ

പ്രതിവാദ പത്രികയിൽ, ടി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചപ്പോൾ ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ എന്നിവയുടെ ഉയരം കണക്കാക്കിയാൽ 9.9 മീറ്റർ മാത്രമാണുള്ളതെന്നും, ബേസ്മെന്റ് ഫ്ളോർ ഗ്രൗണ്ട് ലെവലിൽ നിന്നും ഒരു മീറ്റർ ഉയർന്നു നിൽക്കുന്നത് കണക്കിലെടുക്കാൻ വിട്ടുപോയതാണ് 10 മീറ്ററിൽ താഴെയുള്ള ഗണത്തിൽപ്പെടുത്തി സെറ്റ് ബാക്കുകൾ നിശ്ചയിച്ചത് എന്നും ടി സംഗതി ശ്രദ്ധയിൽപ്പെട്ടപ്പോൾ രണ്ടാം നിലയുടെ പെർമിറ്റ് റദ്ദാക്കുകയും പ്ലാൻ പുതുക്കി സമർപ്പിക്കാൻ കക്ഷികൾക്ക് നോട്ടീസ് നൽകിയതായും പ്രസ്താവിച്ചിട്ടുണ്ട്.

3. മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം നാലിലെ കത്തിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. "പൊന്നാനി നഗരസഭയിലെ ബി.എ. 169/13-14 നമ്പർ ഫയലിൽ വാണിജ്യ കെട്ടിട നിർമ്മാണാനുമതിയ്ക്കായി ശ്രീ. മൊഹമ്മദ് കാസിം, ശ്രീ.പി.കെ. അഷ്റഫ്, ശ്രീ.സി.വി. അഷറഫ് എന്നിവർ ചേർന്ന് 09.10.2013 ന് സമർപ്പിച്ച അപേക്ഷ 17.10.2013 ന് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന് നടപടികൾക്ക് അയയ്ക്കുകയും പ്ളാൻ പരിശോധിച്ച് 7 അപാകതകൾ സൂചിപ്പിച്ച് ബിൽഡിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയതിനെ തുടർന്ന് മുനിസിപ്പൽ എഞ്ചിനീയറുടെ 15.11.2013 ലെ നിർദ്ദേശ പ്രകാരം പ്രസ്തുത അപാകതകൾ പരിഹരിച്ച് വീണ്ടും പ്ലാൻ ലഭിച്ചത് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾക്കായി ദേശീയപാതാ-അഗ്നിശമന വകുപ്പുകൾക്ക് അയയ്ക്കുകയും ചെയ്തു. അപ്രകാരം അയയ്ക്കുന്നതിന് സമർപ്പിക്കവെയാണ് പ്രസ്തുത ഫയൽ നഗരസഭാ സെക്രട്ടറിക്ക് 22.01.2014 ന് ആദ്യമായി ലഭിക്കുന്നത്. ബന്ധപ്പെട്ട നിരാക്ഷേപ പത്രങ്ങൾ ലഭിച്ചത് സഹിതം വീണ്ടും ഫയൽ 02.05.2014 ന് മുനിസിപ്പൽ എഞ്ചിനീയർ മുഖാന്തിരം നടപടിക്കയയ്ക്കുകയും "കെ.എം.ബി.ആർ പ്രകാരമുള്ള സെറ്റ് ബാക്കും ഉണ്ട്, ഫീ ഈടാക്കി അനുമതി നൽകാവുന്നതാണ്" എന്ന് ബിൽഡിംഗ് ഇൻസ്പെക്ടർ 02.08.2014 ന് രേഖപ്പെടുത്തി നൽകുകയും 37,280/- രൂപ കക്ഷികൾ ഫീ ഒടുക്കുകയും ചെയ്തതിനെ തുടർന്ന് പെർമിറ്റ് തയ്യാറാക്കി ഒപ്പ് വക്കുന്നതിന് 07.06.2013 ന് സെക്രട്ടറിക്ക് അയച്ചുവെങ്കിലും പിന്നീട് സൈറ്റ് പരിശോധിച്ച് 07.05.2014 ന് ആണ് പെർമിറ്റ് ഒപ്പു വെച്ച് നൽകിയിട്ടുള്ളത്. 06.05.2017 വരെ സാധുതയുള്ള പ്രസ്തുത നിർമ്മാണാനുമതിയുടെ വിഷയത്തിൽ ചട്ടലംഘനമുണ്ടെന്ന് 17.09.2014, 18.09.2014 തീയതികളിൽ നടന്ന പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് രണ്ടാം നിലയുടെ കാര്യത്തിൽ കെ.എം.ബി.ആർ പ്രകാരം സെറ്റ്ബാക്ക് പര്യാപ്തമല്ല എന്ന അപാകത പരിഹരിക്കുന്നതിന് 13.10.2014 ന് നഗരസഭ നോട്ടീസ് നൽകുകയും കക്ഷികൾ 16.12.2014 ന് പ്രസ്തുത

അപാകത പരിഹരിച്ച് പുതുക്കിയ പ്ലാൻ സമർപ്പിക്കുകയുമുണ്ടായി. മേൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചപ്പോൾ ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ എന്നിവയുടെ ഉയരം കണക്കാക്കിയാൽ 9.9 മീറ്റർ മാത്രമാണുള്ളതെന്നും, ബേസ്മെന്റ് ഫ്ളോർ ഗ്രൗണ്ട് ലെവലിൽ നിന്നും ഒരു മീറ്റർ ഉയർന്നു നിൽക്കുന്നത് കണക്കിലെടുക്കാൻ വിട്ടുപോയതാണ് 10 മീറ്ററിൽ താഴെയുള്ള ഗണത്തിൽപ്പെടുത്തി സെറ്റ് ബാക്കുകൾ നിശ്ചയിച്ചത് എന്നും ശ്രീ. ജി. മുരളി മറുപടിയിൽ ബോധിപ്പിച്ചത് അംഗീകരിക്കാനാവില്ല എങ്കിലും അത്തരം സംഗതികൾ പ്രാഥമിക പരിശോധനയിൽ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ നഗരസഭാ സാങ്കേതിക വിഭാഗത്തിൽ വീഴ്ചയുണ്ടായി എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

മുനിസിപ്പൽ എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം അപേക്ഷയും പ്ലാനും പരിശോധിച്ച് ബിൽഡിംഗ് ഇൻസ്പെക്ടർ കണ്ടെത്തിയ 7 അപാകതകൾ മറ്റ് തരത്തിലുള്ളതാണ്. അവ പരിഹരിച്ച് ബന്ധപ്പെട്ട നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കിയ ശേഷമാണ് പെർമിറ്റ് തയ്യാറാക്കി വേണ്ടത്ര സെറ്റ് ബാക്കും ഉണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തി ഒപ്പ് വെക്കാൻ സെക്രട്ടറിക്ക് അയച്ചിട്ടുള്ളത് എന്നത് കണക്കിലെടുത്താൽ ഇക്കാര്യത്തിലുള്ള വീഴ്ചയ്ക്ക് നഗരസഭാ സെക്രട്ടറിയാണ് ഉത്തരവാദിയെന്ന് കണ്ടെത്താനാവുന്നില്ല. നഗരസഭയിലെ സാങ്കേതിക വിഭാഗം മേധാവിയായ മുനിസിപ്പൽ എഞ്ചിനീയറുടെ തസ്തികയിൽ സേവനമനുഷ്ഠിച്ച ഉദ്യോഗസ്ഥർക്ക് നഗരസഭയിലെ ജി1-7643/2003 നമ്പർ ഫയലിലെ നടപടികൾ പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ബന്ധപ്പെട്ട ചുമതലകൾ ഏൽപ്പിച്ചു കൊടുത്തതിൻ പ്രകാരവും ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കാണെന്നും കാണുന്നു. ബന്ധപ്പെട്ട കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിയ ലൈസൻസ്ഡ് എഞ്ചിനീയർ ആയ ശ്രീമതി. സീനത്ത് ഹംസയ്ക്കെതിരായ നടപടികൾ സർക്കാരിന്റെ നിർദ്ദേശ പ്രകാരം കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് മുഖാന്തിരം നടന്നു വരുന്നു.

ശ്രീ.ജി. മുരളിക്ക് ചാർജ്ജ് മെമ്മോ നൽകുന്നതിനാധാരമായ പരിശോധനയെത്തുടർന്ന് കണ്ടെത്തിയ അപാകത നഗരസഭ പിന്നീട് നോട്ടീസ് നൽകി പരിഹരിച്ചിട്ടുള്ളതിനാൽ പൊന്നാനി നഗരസഭാ മുൻ സെക്രട്ടറി ശ്രീ. ജി. മുരളിക്കെതിരായി മേൽ കെട്ടിട നിർമ്മാണാനുമതിയുടെ കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ലെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പൊന്നാനി നഗരസഭയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകത പരിഹരിച്ചിട്ടുള്ളതിനാലും ടി വിഷയത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥക്കെതിരായി നടപടി സ്വീകരിച്ചു വരുന്നതിനാലും ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജി. മുരളിക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷിബു.എ.റ്റി**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്, തിരുവനന്തപുരം.
നഗരസഭാ സെക്രട്ടറി, പൊന്നാനി നഗരസഭ
ശ്രീ. ജി. മുരളി, നഗരസഭാ സെക്രട്ടറി, പൊന്നാനി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ